കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

Phone – 04912520145

e-mail:dopkd.ksad@kerala.gov.in

www.ksad.kerala.gov.in

# കോട്ടോപാടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ-പികെഡി9/1386/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 08.01.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോട്ടോപാടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- കോട്ടോപാടം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

------------------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടോപാടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ

ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ-പികെഡി9/1386/2020 തീയതി – 08.01.2021

## പാലക്കാട് ജില്ലയിലെ കോട്ടോപാടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കോട്ടോപാടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2018 മുതൽ 19.11.2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 1.1.2019 മുതൽ 19.11.2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകി മറുപടി ഒന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.11.2020 മുതൽ<br>30.11.2020 വരെ വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. സുജാത.പി | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.ശിവപ്രസാദ്.എം | അസി. ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.ഫസീല.കെ.എ | ഓഡിറ്റർ |
| 4 | ശ്രീ.ഗോകുൽ.സി.എം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മുഹമ്മദ് ഇല്ല്യാസ് | 1.4.2018മുതൽ 31.3.2019വരെ |
| സെക്രട്ടറി | ശ്രീ.ജയദേവൻ.വി. | 1-4-2018 മുതൽ 31.3.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.തേജസ്സ് ജോർജ്ജ് | 1-4-2018മുതൽ 31.03.2019വരെ |
| വി.ഇ.ഒ - 1 | ശ്രീ.രഞ്ജിത്ത്.പി.വി | 1-4-2018 മുതൽ 23.10.2018 വരെ |
| | തസ്തിക ഒഴിവ് | 24.10.2018മുതൽ 31-3-2019 വരെ |
| വി.ഇ.ഒ. - II | തസ്തിക ഒഴിവ് | 1.4.2018 മുതൽ 14.10.2018 വരെ |
| | ശ്രീ.സന്തോഷ്കുമാർ.കെ.വി. | 15.10.2018 മുതൽ 26.2.2019 വരെ |
| | തസ്തിക ഒഴിവ് | 27.2.2019 മുതൽ 28.2.2019 വരെ |
| | ശ്രീമതി.ആശ.എം.ആർ. | 1.3.2019 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷമീന.ജെ. | 1.4.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അബ്ദുൾ അസീസ്.കെ. | 1-4-2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.അബ്ദു കല്ലടി | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.പി.എം.ദിനേശൻ | 1-4-2018 മുതൽ 15.7.2018FN വരെ |
| | ഡോ.ജോസ്സ.ടി.പി. | 15.7.2018AN മുതൽ |

| | | |
|---|---|---|
| | | 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ-<br>ഹോമിയോ | ഡോ.നസ്റീൻ മൂസ അബ്ദുൾ റഹിമാൻ | 1.4.2018 മുതൽ 24.4.2018 വരെ |
| | ഡോ.രഹന രവീന്ദ്രൻ | 25.4.2018 മുതൽ 20.12.2018 വരെ |
| | ഡോ.നസ്റീൻ മൂസ അബ്ദുൾ റഹിമാൻ | 21.12.2018 മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ശാന്തി ജയലക്ഷ്മി | 1-4-2018 മുതൽ 20-4-2018 വരെ<br>17.5.2018 മുതൽ 2.6.2018FNവരെ |
| | ഡോ. ജയകുമാർ.പി.പി. | 21.4.2018 മുതൽ 16.5.2018 വരെ |
| | ഡോ.പി.കെ.ജയചന്ദ്രൻ | 2.6.2018AN മുതൽ 7.6.2018FN വരെ<br>2.2.2019 മുതൽ 7.2.2019വരെ |
| | ഡോ.അനൂപ് | 7.6.18AN മുതൽ 1.2.2019 വരെ |
| | ഡോ.ഗോപാലകൃഷ്ണൻ.എം.എ. | 8.2.2019 മുതൽ 31.3.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.സുനിത.ഇ.വി. | 1.4.2018 മുതൽ 15.5.2018 വരെ |
| | ശ്രീ.അബ്ദുൾ റഹ്മാൻ.എ.കെ. | 16.5.2018 മുതൽ 31.3.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.പ്രീത.വി.പ്രഭു | 1.4.2018 മുതൽ 22.6.2018 വരെ |
| | തസ്തിക ഒഴിവ് | 23.6.2018 മുതൽ 28.6.18 വരെ |
| | മുഹമ്മദ് ബഷീർ | 29.6.2018 മുതൽ 22.10.2018 വരെ |
| | തസ്തിക ഒഴിവ് | 23.10.2018 മുതൽ 24.10.2018 വരെ |
| | സോഫിയാമ്മ.ടി. | 25.10.2018 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രിയ.പി.ബി. | 1-4-2018 മുതൽ 22.5.2018FNവരെ |

| | | |
|---|---|---|
| | | 4.6.2018AN മുതൽ 26.7.2018FN വരെ<br>16.3.2019AN മുതൽ 25.3.2019FN വരെ |
| | ശ്രീമതി.രശ്മി.കെ.ജി.<br>(അഡീഷണൽ ചാർജ്) | 22.5.2018AN മുതൽ 4.6.2018FN വരെ |
| | ശ്രീമതി.ശ്യാമ.എം.എ. | 26.7.2018AN മുതൽ 16.3.2019FN വരെ<br>25.3.2019AN മുതൽ 31.3.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| 10 | തൊഴിൽനികുതി പരിശോധന സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-10 |
| 11 | വ്യാപാര സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് | 1-11 |
| 12 | വസ്തു നികുതി നിർണ്ണയം - അപാകതകൾ | 1-12 |
| 13 | തനത് ഫണ്ട് ചെലവ് സംബന്ധിച്ച് | 1-13 |

| | | |
|---|---|---|
| 14 | ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ് | 1-14 |
| 15 | ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല | 1-15 |
| 16 | അംഗീകാരമില്ലാതെ ദിവസ വേതനക്കാരെ നിയമിച്ചു - തുക തടസ്സപ്പെടുത്തുന്നു. | 1-16 |
| 17 | തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കിയിട്ടില്ല | 1-17 |
| 18 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ - 55789/- രൂപ തടസ്സം | 1-18 |
| 19 | പാലിന് സബ്സിഡി - അധിക തുക നൽകിയത് സംബന്ധിച്ച് | 1-19 |
| 20 | ഭിന്നശേഷിക്കാർക്ക് ഉപകരണം- നടപടിക്രമങ്ങൾ പാലിച്ചില്ല | 1-20 |
| 21 | അംഗൻവാടി ഹോണറേറിയം പഞ്ചായത്ത് വിഹിതം- സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-21 |
| 22 | തുടർ സാക്ഷരത - അപാകതകൾ | 1-22 |
| 23 | ലൈഫ് പദ്ധതി - അവലോകനം | 1-23 |
| 24 | ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല | 1-24 |
| 25 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 1-25 |
| 26 | അധികം നൽകിയ തുക തിരിച്ചടക്കണം | 1-26 |
| 27 | ബാലസഭ – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 1-27 |
| | ഭാഗം 2-വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | --- | |
| | ഭാഗം 3-ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | --- |
| 1 | ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല | 3-1 |
| 2 | അധികം നൽകിയ തുക തിരിച്ചടക്കണം | 3-2 |
| | ഭാഗം 4 | |

| | | |
|---|---|---|
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ്സാക്ഷ്യപത്രം | 1 |
| 2 | വിവിധ പത്രികകൾ | 2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.3.2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 12.4.2019 | --- | --- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹17857555.00 |
| വരവ് | ₹139785268 .00 |
| ആകെ | ₹157642823.00 |
| ചെലവ് | ₹103979726.00 |
| നീക്കിയിരിപ്പ് | ₹53663097.00 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 0 | 24768000 | 24768000 | 22430953 | 2337047 |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 8103000 | 8103000 | 7308417 | 794583 |
| വികസന ഫണ്ട് – ടി.എസ്.പി. | | | 1328000 | 1328000 | 1030753 | 297247 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11377000 | 11377000 | 11344920 | 32072 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5114000 | 5114000 | 3387327 | 1726673 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 11495000 | 11495000 | 11470115 | 24885 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 963 | 24825673 | 25524543 | 24825673 | 4592 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 694236+ 3671(int.) | | 694278 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - | ICDS * ട്രഷറി അക്കൗണ്ട് | 1221938 | 1309300 | 2531238 | 1500000 | 1031238 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ - | TSC** കനറാ ബാങ്ക് | 0 | 1200000 | 1200000 | 0 | 1200000 |
| | TSC** കനറാ ബാങ്ക് | 0 | 996152 | 996152 | 0 | 996152 |
| ജോയിന്റ് | ബ്ലോക്ക് പഞ്ചായത്ത് | | 69942 | 69942 | 69942 | 0 |
| | | 0 | 1147014 | 1147014 | 1147014 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 0 | 77375 | 77375 | 77375 | 0 |
| | | 0 | 955051 | 955051 | 885051 | 70000 |
| ബി ഫണ്ട് | | 0 | 301440 | 301440 | 301440 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് കനറാ ബാങ്ക് | 3420340 | 3470257 | 6890597 | 1384219 | 5506378 |
| | സർവീസ് കോ.ബാങ്ക്, അരിയൂർ | 13078690 | 10447983 | 23526673 | 5900356 | 17626317 |
| | ട്രഷറി അക്കൗണ്ട് | 1077770 | 53009603 | 54087373 | 23570212 | 30517161 |

*ICDS തുകകൾ ട്രഷറി അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

**TSC തുകകൾ തനതുഫണ്ട് അക്കൗണ്ട് (കനറാബാങ്ക്) -ൽ ഉൾപ്പെട്ടിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 319 | 140302426 | 218 | 89628756 | --- | 101 | 68.34 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 1705000 | 1016501 | 59.62 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 17 | 13 | 54942134 | 34236490 | 62.31 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 9842160 | 9586394 | 97.40 |
| സെക്രട്ടറി | 23 | 14 | 6481827 | 2339737 | 36.10 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 2898175 | 1669460 | 57.60 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 230 | 148 | 51100130 | 31494076 | 61.63 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 1177000 | 1132875 | 96.25 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 500000 | 457199 | 91.43 |
| വെറ്ററിനറി സർജ്ജൻ | 8 | 6 | 7836000 | 4398000 | 56.13 |
| പ്രധാന അധ്യാപകൻ | 9 | 7 | 2520000 | 2178748 | 86.46 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 419276 | 69.88 |
| ആകെ | 319 | 218 | 140302426 | 89628756 | 63.88 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 241440 | 135 |
| കർഷക തൊഴിലാളി പെൻഷൻ | 6407300 | 508 |
| വിധവാ പെൻഷൻ | 21893600 | 1784 |
| വാർദ്ധക്യകാല പെൻഷൻ | 26968000 | 2216 |
| വികലാംഗ പെൻഷൻ | 5676700 | 412 |
| അവിവാഹിത പെൻഷൻ | 1031400 | 87 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2020ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8140/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.10.2020 | 4/2020, 5/2020 | RAR/274/2018/4-5 dt.6.10.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.08.2009 | 2004 - 05 മുതൽ 2008-09 വരെ | 18.09.2009 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

സർട്ടിഫിക്കറ്റിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ നിലനിൽക്കുന്നു.

# 1-10 തൊഴിൽനികുതി പരിശോധന സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

2018-19 വർഷത്തെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി പരിശോധന സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ.

എ. 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടികയായി വാർഡ് തിരിച്ച ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്ത് പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും/ഇതര സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.

ബി. തൊഴിൽ നികുതി രജിസ്റ്ററിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയതായി കാണുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | നികുതി ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|---|
| 1 | കോട്ടോപ്പാടം ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | നികിത | രണ്ടാം അർദ്ധ വർഷം |
| | | സുകുമാരൻ | രണ്ടാം അർദ്ധ വർഷം |
| 2 | പി.എൻ.വൈ സഭ | മഞ്ജുഷ. സി. പി | രണ്ടാം അർദ്ധ വർഷം |
| | | ഗീത. ടി | രണ്ടാം അർദ്ധ വർഷം |
| | | രമേഷ് | രണ്ടാം അർദ്ധ |

| | | | |
|---|---|---|---|
| | | | വർഷം |
| 3 | ഗവ. ഹോമിയോ ഡിസ്പ്പെൻസറി | ബിനുഷ. യു | രണ്ടാം അർദ്ധ വർഷം |
| | | ആശ. പി. എസ് | രണ്ടാം അർദ്ധ വർഷം |
| 4 | ഗവ. എച്ച്. എസ് വടശ്ശേരിപ്പുരം | സുഭാഷ്. ടി. പി | രണ്ടാം അർദ്ധ വർഷം |
| 5 | ഫോറസ്റ്റ് സ്റ്റേഷൻ, തിരുവിഴാംകുന്ന് | സുബ്രഹ്മണ്യൻ.പി | രണ്ടാം അർദ്ധ വർഷം |
| | | സുരേന്ദ്രമോഹൻ.എസ് | രണ്ടാം അർദ്ധ വർഷം |
| | | സിജി. സി | രണ്ടാം അർദ്ധ വർഷം |
| | | വത്സല | രണ്ടാം അർദ്ധ വർഷം |
| | | സുമ. ആർ | രണ്ടാം അർദ്ധ വർഷം |

സി. കാനറ ബാങ്ക്, തിരുവിഴാംകുന്ന് ശാഖയിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഡി. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 13 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കട വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് വ്യാപാരികൾക്ക് നൽകുകയോ, വ്യാപാരികൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

ഇ. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും, സ്ഥാപന തൊഴിൽനികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. കച്ചേരിപ്പറമ്പ് ക്ഷീരോദ്പാദക സഹകരണ സംഘം
2. മലേരിയം ക്ഷീരോദ്പാദക സഹകരണ സംഘം

മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നമ്പർ- 09/27.11.20

<u>ഓഡിറ്റ് നിർദ്ദേശം</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി, ഈയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-11 വ്യാപാര സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ്

- 2018 – 19 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ഡി & ഒ ലൈസൻസ് പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

എ. വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1435 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. 2018-19 വർഷത്തെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 234 സ്ഥാപനങ്ങൾക്ക് മാത്രമാണ് തൻവർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 84% സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി വിലയിരുത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗോഡൗണുകൾ, സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 1267 |
| വ്യവസായശാലകൾ | 163 |
| ഓഡിറ്റോറിയം, അസംബ്ലി ബിൽഡിംഗ് | 5 |
| ആകെ | 1435 |

ബി. ലൈസൻസ് ഇല്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടുള്ളതായി ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞിട്ടില്ല.

സി. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 , 254 എന്നീ വകുപ്പുകൾ കൂട്ടി വായിച്ചതു പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 1996- ലെ കേരളാ പഞ്ചായത്ത് രാജ് ( അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടു. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട്(The Kerala Investment Promotion and Facilitation (No.2) Act,2018) നിലവിൽ വന്നതിനെ തുടർന്ന് പഞ്ചായത്ത് രാജ് ആക്ടിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക

പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട 232, 233 വകുപ്പുകളിൽ ഭേദഗതി വരുത്തിയതിനെ തുടർന്ന് ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവയുടെ പരിശോധിച്ചതിൽ ഭേദഗതി പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

ഡി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇത് മൂലം പഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമല്ല

. മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നമ്പർ- 07/26.11.20

ഓഡിറ്റ് നിർദ്ദേശം

1) എല്ലാ വാർഡുകളിലെയും സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

2) റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-12 വസ്തുനികുതി നിർണ്ണയം - അപാകതകൾ

ഡി&ഒ അപേക്ഷകൾ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ ഡി&ഒ ലൈസൻസോടു കൂടി വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്.
ഉദാ:-

| ക്രമ നം | വാർഡ് / കെട്ടിട നം | തറ വിസ്തീർണ്ണം ച.മീ | ഉടമസ്ഥൻ | നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 15/174 | 120 | പി.ജയകുമാർ | കൃപാസ് ബിൽഡേഴ്സ്& ഡെവലപേഴ്സ് |
| 2 | 7/487 | 105.87 | സുകുമാരൻ | ശാന്തി ആയുർവേദ ആശ്രമം |
| | 7/623 | താഴത്തെ നില – 60.42, ഒന്നാം നില – 60.42 | | |
| 3 | 8/681 | 188.61 | കുഞ്ഞേനതി | ശ്രീ ശ്രീ സോ മിൽ |

സഞ്ചയയിലെ ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തി നികുതി തുക കുടിശ്ശിക സഹിതം ക്രമീകരിക്കേണ്ടതാണ്.

# 1-13 തനത് ഫണ്ട് ചെലവ് സംബന്ധിച്ച്

കോട്ടോപാടം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ പദ്ധതി ചെലവ് പരിശോധിച്ചതിൽ നിന്നും തനത് ഫണ്ട് കൂടി വകയിരുത്തിയാണ് പദ്ധതികളുടെ അടങ്കൽ തുക നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമായി.

| ക്രമ നമ്പർ | ആകെ അടങ്കൽ | തനത് ഫണ്ട് | തനത് ഫണ്ട് ശതമാനം |
|---|---|---|---|
| അടങ്കൽ | 140302426 | 12010728 | 8.56% |
| ചെലവ് | 89628756 | 4529951 | 5.05% |

തനത് ഫണ്ട് ചെലവ് ശതമാനം

(4529951/12010728)/100=37.7%

2018-19 ൽ എല്ലാ ഫണ്ടിനങ്ങളിൽ നിന്നും പദ്ധതികൾക്ക് ആകെ 14,03,02,426രൂപ വകയിരുത്തിയിട്ടുള്ളതിലെ തനത്ഫണ്ടിന്റെ 37.7% തുക ചെലവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ സാമ്പത്തികനിലയുടെ നിജസ്ഥിതി പരിശോധിക്കേണ്ടതാണ്.

| തനത് ഫണ്ട് അക്കൗണ്ട് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ASCB own fund 889 | 13078690 | 10447983 | 5900356 | 17626317 |
| | | | | |

| | | | | |
|---|---|---|---|---|
| SB A/C-Treasury | 10,77,770 | 5,30,09,603 | 2,35,70,212 | 3,05,17,161 |
| CANARA BANK-Own fund-3403 | 34,20,340 | 34,70,257 | 13,84,219 | 55,06,378 |
| ആകെ | 17576800 | 66927843 | 30854787 | 53649856 |

തനത് ഫണ്ടിന്റെ സ്ഥിതി അത്ര ആശാവഹം അല്ലാത്തപ്പോഴും തനത് ഫണ്ടിൽ നിന്നും വലിയ രീതിയിൽ പദ്ധതികൾക്കായി ചെലവഴിച്ചതായി കാണുന്നു. 2018-19 ൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഇക്കാര്യം പ്രതിഫലിച്ചിട്ടുണ്ട്.

വരവ് - 15,27,49,391

ചെലവ്- 16,19,07,629

നീക്കിയിരിപ്പ് - (gross deficit)- 93,06,907.85(prior period items കൂടി ഉൾപ്പെടുത്തിയത്)

പഞ്ചായത്തിന്റെ തൻവർഷത്തെ വരവ് ചെലവുകൾ നെഗറ്റീവ് നീക്കിയിരിപ്പിലേക്ക് നീങ്ങുന്ന തരത്തിലുള്ള ചെലവ് നിയന്ത്രിക്കേണ്ടതാണ്. KPRA 1994 സെക്ഷൻ 213ൽ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് എന്തിനെല്ലാമാവാമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതു കൂടാതെ 2011ലെ KPRA (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലും തനത് ഫണ്ടിന്റെ വിനിയോഗം, അസാധാരണ ചെലവുകളുടെ പരിധി എന്നിവയും നിശ്ചയിച്ചിട്ടുണ്ട്. ഇത്തരം അസാധാരണ ചെലവ് ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെയും എന്നാൽ 1 ലക്ഷം രൂപയിൽ കവിയാതെയും ആയിരിക്കേണ്ടതാണ്. പൊതു ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് ഒഴികെയുള്ള ആ വർഷത്തെ തനത് വരുമാനത്തിൽ നിന്നും ശമ്പളം, അലവൻസുകൾ, മറ്റു പ്രതിഫലങ്ങൾ, വൈദ്യുതി ചാർജ്, വെള്ളക്കരം, ഓഫീസ് ചെലവുകൾ, മാലിന്യം നീക്കം ചെയ്യാനുള്ള ചെലവുകൾ എന്നിവയ്ക്ക് വേണ്ടി ആ വർഷം ചെലവാക്കിയ തുക കുറച്ചാൽ കിട്ടുന്ന തുക ഗ്രാമപഞ്ചായത്തിന് മിച്ചഫണ്ടായി കണക്കാക്കാം. 2018-19ലെ തനത് ഫണ്ടിൽ നിന്നുള്ള അസാധാരണ ചെലവുകൾ- പദ്ധതികൾക്കായി വകയിരുത്തി ചെലവഴിച്ച തുക - നിശ്ചിത പരിധിയിലും അധികമാണ്.

ഭാവിയിൽ പഞ്ചായത്തിന്റെ അനിവാര്യമായ ചെലവുകൾക്ക് തുക വകയിരുത്താൻ കഴിയാത്തവിധം പദ്ധതി ചെലവിലേക്ക് തനത്ഫണ്ട് ഉപയോഗിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയുടെ കൃത്യതയാർന്ന ആസൂത്രണം, ഉപയോഗം എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ചട്ടങ്ങളിൽ നിർദേശിച്ചതിൽ നിന്നും വ്യതിചലിച്ച് തുക വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല (എൻക്വയറി 14/19.11.2020)

# 1-14 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

1. 2018-19 സാമ്പത്തിക വർഷത്തെ AFS ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. B-4 പ്രകാരം താഴെ പറയുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ നിന്നും പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബി-4 ഹെഡ് | പ്രൊജക്റ്റ് വിവരങ്ങൾ | തുക | ലഭിച്ച സ്ഥാപനം |
|---|---|---|---|
| 320200322 | ലഭ്യമല്ല | 1200000 | ശുചിത്വ മിഷൻ |
| 320300103 | ലഭ്യമല്ല | 996152 | ശുചിത്വ മിഷൻ |
| 320700405 | സ്കോളർഷിപ്പ് -ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ | 70000 | ജില്ലാ പഞ്ചായത്ത് |
| 320100199 | ലഭ്യമല്ല | 88705 | വിവരം ലഭ്യമല്ല |

തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ അവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/24.11.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ശുചിത്വ മിഷനിൽ നിന്നും 320100199 എന്ന ഹെഡിലും ഉള്ള തുകകൾ എന്ത് ആവശ്യത്തിന് ലഭിച്ചു എന്നുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാത്ത തുകകൾ അതാതു ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതാണ്.

2. വാർഷിക ധനകാര്യ പത്രിക നീക്കിയിരിപ്പ് [RP-40(b)] പ്രകാരം SBT (MGNREGS), TP Account എന്നീ അക്കൗണ്ടുകൾ Inactive എന്നു കാണുന്നു. ടി അക്കൗണ്ടുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഈ അക്കൗണ്ടുകൾ നിലവിൽ ഇടപാടുകളില്ലാത്തതാണെങ്കിൽ ക്ലോസു ചെയ്യേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-15 ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ

# കോൺട്രിബ്യൂഷൻ ഒടുക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി)നം.7/2016/ധന തീയതി- 20-01-2016 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവിലെ ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺടിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ നമ്പർ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാന ത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺടിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺടിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്കിയിതായി കാണുന്നില്ല.കൂടാതെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ഫെബ്രുവരി 2016 മുതൽ പുതിയ നിരക്കിലുള്ള പെൻഷൻ വിഹിതം അടവാക്കേണ്ടതാണ് എന്നുമാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.

2018 – 2019 സാമ്പത്തിക വർഷത്തിൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 3,4ഗഡുക്കൾ പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 21800059 | 26-04-2018 | 74603 |
| 2 | 21800432 | 12-10-2018 | 71967 |

തനതു ഫണ്ട് ചെലവു രേഖകളുടെ പരിശോധനയിൽ മേൽ പട്ടികയിലെ ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കാനുപാതികമായി പെൻഷൻ കോൺടിബ്യൂഷൻ വിഹിതം സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല എന്ന ബോധ്യപ്പെട്ടു. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.9 തീയതി-28-11-2020 ന് മറുപടിയൊന്നും സമർപ്പിച്ചിട്ടില്ല. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 അംഗീകാരമില്ലാതെ ദിവസ വേതനക്കാരെ നിയമിച്ചു - തുക തടസ്സപ്പെടുത്തുന്നു.

2018-19 ൽ ശ്രീ.ശശിധരൻ സി.എം എന്നവരെ ക്ലറിക്കൽ തസ്തികയിൽ ദിവസ

വേതനാടിസ്ഥാനത്തിൽ നിയമിച്ച് താഴെ പറയും പ്രകാരം വേതനം നൽകിയിട്ടുണ്ട്.

| മാസം | നല്കിയ തുക | വൗച്ചർ നമ്പർ/ തീയ്യതി |
|---|---|---|
| 3/18 | 16200 | 21800022/3.4.18 |
| 4/18 | 13500 | 21800091/8.5.18 |
| 5/18 | 10125 | 21800158/4.6.18 |
| 6/18 | 10000 | 21800217/2.7.18 |
| 7/18 | 10000 | 21800269/1.8.18 |
| 8/18 | 10000 | 21800345/3.9.18 |
| 9/18 | 10000 | 21800410/3.10.18 |
| 10/18 | 10000 | 21800481/1.11.18 |
| 11/18 | 10000 | 21800565/3.12.18 |
| 12/18 | 10000 | 21800647/4.1.19 |
| 1/19 | 10000 | 21800814/4.2.19 |
| 2/19 | 10000 | 21800979/2.3.19 |
| ആകെ | 129825 | |

പ്രസ്തുത ജീവനക്കാരന്റെ നിയമനത്തിന് ഭരണസമിതിയും ഡി.ഡി.പി യും അംഗീകാരം നൽകിയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/28.11.20) മറുപടിയൊ രേഖകളോ സമർപ്പിക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 129825 രൂപ തടസ്സപ്പെടുത്തുന്നു.

# 1-17 തൊഴിൽരഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്.

| ബിൽ നമ്പർ/ തീയ്യതി | തുക |
|---|---|
| 5/23.7.18 | 144000 |
| | |

| | |
|---|---|
| 22/15.3.19 | 125640 |
| | 269640 |

തൊഴിൽരഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്

5. സ.ഉ (അച്ചടി)139/2019/ധന, തിയ്യതി - 15-10-2019

മേൽ ഉത്തരവുകൾ പ്രകാരം വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹർ.

1998 ലെ തൊഴിൽരഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(i) പ്രകാരം അപേക്ഷകന്റെ തദ്ദേശഭരണാധികാരിക്ക് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്. ഗുണഭോക്താക്കൾ ഹാജരാക്കിയ സാക്ഷ്യപത്രത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ഏതെങ്കിൽ ഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/28.11.20) മറുപടിയൊന്നും നൽകിയിട്ടില്ല. ഭാവിയിൽ തൊഴിൽരഹിത വേതനം വിതരണം നടത്തുമ്പോൾ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-18 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ - 55789/- രൂപ തടസ്സം

1)പ്രോജക്റ്റ് – 193/19, സമഗ്ര നെൽകൃഷി വികസനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 505000/-(292500-വികസന ഫണ്ട്-ജനറൽ+106250ബ്ലോക്ക് വിഹിതം+106250- ജി.പ വിഹിതം)

ചെലവ്- 472505 /-(288880/-വികസന ഫണ്ട്-ജനറൽ+106250ബ്ലോക്ക് വിഹിതം+77375-ജി.പ വിഹിതം)

ബിൽ നം, തീ. -1) 1/18-19, 16/10/2018, 76380

-2) 3/18-19, 16/01/2019, 212500

മേൽ പ്രകാരം സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിക്കായി തുക പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിഹിതമായ 106250 രൂപ സെക്രട്ടറി (ചെക്ക് നം.3065632 തീ.01.03.2019 തുക 52411(വൗച്ചർ നം.20800962), ചെക്ക് നം.3065633 തീ.01.03.2019 തുക53839(വൗച്ചർ നം.20800963) ) ചെക്കുകൾ പ്രകാരം കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ട്രഷറി പാസ്സ്ബുക്ക് പ്രകാരം12.03.2019, 13.03.2019 തീയതികളിലായി കൃഷി ഓഫീസർ ഈ തുക പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം 106250 രൂപ വകയിരുത്തിയെങ്കിലും 77375 രൂപയാണ് 2018-19 വർഷത്തിൽ ലഭ്യമായിട്ടുള്ളത്. ഈ തുക ചെക്ക് നം.3065653 തീ.28.03.2019 തുക 77375(വൗച്ചർ നം.20801166) പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക ട്രഷറി പാസ്ബുക്കിൽ ക്രെഡിറ്റ് ചെയ്ത തീയതി 04.04.2019 ഉം പിൻവലിച്ച തീയതി 10.04.2019ഉം ആണ്. എന്നാൽ ചെലവു പത്രികയിൽ 2018-19 സാമ്പത്തിക വർഷത്തെ ചെലവായിട്ടാണ് കാണിച്ചിട്ടുള്ളത്. ഈ തുകകൾ പിൻവലിച്ചതിന്റെ വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ജി.ഒ.(പി)177/2006 ധനം 12.4.2006, ജി.ഓ.(പി) 119/2015ധനം 21.3.2015 എന്നിവ പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ.7-എ കാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവു ചെലവു വിവരം രേഖപ്പെടുത്തണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ടി.ആർ.7-എ കാഷ്ബുക്കിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഉത്തരവിലെ നിർദ്ദേശ പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2)പ്രോജക്റ്റ് – 198/19, കൃഷി ഓഫീസിലേക്കു കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും വാങ്ങൽ
അടങ്കൽ – 100000(മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)

ചെലവ് – 55789
ബിൽ നം.8/18-19 തീ.28/01/2019 52224രൂപ
ബിൽ നം.13/18-19തീ.23/03/2019 3565രൂപ
കൃഷി ഓഫീസിലേക്കു കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങിയതിന് ബിൽ നം.8/18-19 തീ.28/01/2019പ്രകാരം 52224രൂപയും 13/18-19തീ.23/03/2019 പ്രകാരം 3565രൂപയും പിൻവലിച്ചിട്ടുണ്ടെങ്കിലും കെൽട്രോണിൽ നിന്നുമുള്ള ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ,

കെൽട്രോണിന് തുക ട്രാൻസ്ഫർ ചെയ്തതിന്റെ UTR no എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 55789/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-19 പാലിന് സബ്സിഡി - അധിക തുക നൽകിയത് സംബന്ധിച്ച്

പ്രോജക്റ്റ് – 189/19, പാലിന് സബ്സിഡി
അടങ്കൽ – 600000/-(വികസന ഫണ്ട്-സാധാരണ വിഹിതം – 550000, ജില്ലാ പഞ്ചായത്ത് വിഹിതം – 50000)
ചെലവ് – 419276/-

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ 'പാലിന് സബ്സിഡി' എന്ന പദ്ധതിയിൽ 4 ക്ഷീരസംഘങ്ങളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള 122 ക്ഷീര കർഷകർക്ക് ചുവടെ ചേർത്ത പ്രകാരം ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിലേക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

| ബിൽ നം. തീയതി | തുക | സബ്സിഡി തുക |
|---|---|---|
| 1/18-19 11.10.2018 | 276957 | 3 രൂപ/ ലിറ്റർ |
| 2/18-19 19.11.2018 | 92319 | 1 രൂപ / ലിറ്റർ |

പ്രൊജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

a) TR 7A കാഷ്ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
b) ക്ഷീര വികസന വകുപ്പിൽ നിന്നുള്ള 1 രൂപ ഉൾപ്പെടെ ലിറ്ററിന് പരമാവധി 4 രൂപ നിരക്കിൽ സബ്സിഡിയായി നൽകാമെന്നാണ് സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ).22/2018തസ്വഭവ തീ.14.02.2018ൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിലേക്ക് ലിറ്ററിന് 4 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. 2018-19ൽ ഡിപ്പാർട്ട്മെന്റ് വിഹിതം ലഭ്യമായിട്ടില്ല എന്നാണ് ക്ഷീര വികസന ഓഫീസർ വാക്കാൽ അറിയിച്ചിട്ടുള്ളത്.
ഡിസംബർ മാസത്തിൽ ലിറ്ററിന് 2.8097 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം-50000/-)നിരക്കിലും സബ്സിഡി നൽകിയിട്ടുണ്ട്.
2018 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ലിറ്ററിന് 4 രൂപ നിരക്കിലും നവംബർ മാസത്തിൽ ലിറ്ററിന് 1.4321 രൂപ നിരക്കിലും(2018-19 വർഷത്തിൽ Q ബില്ലിൽ ഉൾപ്പെട്ട 180724 രൂപയുടെ ബിൽ) സബ്സിഡി നൽകുന്നതിനാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്.
ഡിപ്പാർട്ട്മെന്റ് വിഹിതം ഉൾപ്പെടെ ലിറ്ററിന് 4 രൂപ നിരക്കിൽ 12 മാസവും സബ്സിഡി നൽകുന്നതിന് പദ്ധതി തയ്യാറാക്കേണ്ടതാണ്.
c)സഹകരണ സംഘങ്ങളുടെ 2018-19ലെ പാലളവ് രജിസ്റ്റർ, 2018-19 കാലയളവിലേക്ക് ഡിപ്പാർട്ട്മെന്റ് വിഹിതം വന്നതിന്റെ വിവരങ്ങൾ, തുക ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ UTR സ്റ്റേറ്റ്മെന്റ് , 2018-19 ൽ Q ബില്ലിൽ ഉൾപ്പെട്ട 180724 രൂപയുടെ ബിൽ എൻകാഷ് ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല.

ചെലവു രേഖകളുടെ അഭാവത്തിൽ 122 ഗുണഭോക്താക്കൾക്ക് 1 രൂപ നിരക്കിൽ നൽകിയ സബ്സിഡി തുക 92319/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-20 ഭിന്നശേഷിക്കാർക്ക് ഉപകരണം- നടപടിക്രമങ്ങൾ പാലിച്ചില്ല

കേൾവി ശക്തി കുറഞ്ഞവർക്ക് ശ്രവണ സഹായി എന്ന പ്രൊജക്ടു പ്രകാരം 7 ശ്രവണ സഹായികൾ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ -200

അടങ്കൽ -100000

ചെലവ് -56000

ബിൽ നമ്പർ -22/23.3.19
നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

| ഇൻവോയ്സ് നമ്പർ | എണ്ണം | തുക | ആകെ |
|---|---|---|---|
| 5398/2018-19 dt 16.3.19 | 7 | 8000 | 56000 |

സ.ഉ (കൈ) നം.22/2018/ത.സ്വ.ഭ.വ തീയ്യതി 14.2.18 ഖ.7.1.3, 7.1.4 എന്നിവ പ്രകാരം പ്രകാരം സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ, ഓർത്തോട്ടിക് എഞ്ചിനീയർ, പ്രോസ്റ്റെറ്റിക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ്, ഓപ്ട്രോമെട്രിസ്റ്റ് എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. താലൂക്ക്/ ജില്ലാ ആശുപത്രികളിൽ നിന്നുള്ള ഡോക്ടർമാർ അല്ലെങ്കിൽ District Disabled Rehabilitation Centre, Medical college, സാമൂഹ്യ സുരക്ഷാമിഷൻ എന്നിവയുടെ സഹായം ഈ ആവശ്യത്തിന് തേടാവുന്നതാണ്. എന്നാൽ ഇതിനു പകരം പ്രൈവറ്റ് സ്ഥാപനത്തിൽ നിന്നുള്ള ഡോക്ടർ (ഡോ.മുഹമ്മദ് റഫീക്ക് ബാബു, അൽമാസ് ഹോസ്പിറ്റൽ ) ഒപ്പിട്ട 34 പേരുടെ ലിസ്റ്റ് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.പ്രസ്തുത പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ 7 ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് എങ്ങനെയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആനുകൂല്യം നൽകിയ 7 പേർക്കും ശ്രവണസഹായി ആവശ്യമാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിൽ ആനുകൂല്യം നൽകിയവരുടെ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 56000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

<u>ഓഡിറ്റ് നിർദ്ദേശം</u>

1) ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ആവശ്യകത നിർണ്ണയ ക്യാമ്പ് നടത്തേണ്ടതും വിദഗ്ധ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതുമാണ്. ഉപകരണങ്ങൾ ഉള്ളവർക്കു തന്നെ അതേ ഉപകരണം വീണ്ടും നൽകാതിരിക്കാൻ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ അദ്ധ്യായം 19 (സ.ഉ (പി) നം.2/2018/SPD/28.04.19 പ്രകാരം കൂട്ടിചേർത്തത്) പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഒഴികെയുള്ളവയുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതിയായ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്)ൽ ലഭ്യമാണെങ്കിൽ ജെം മുഖേന മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 അങ്കണവാടി ഹോണറേറിയം പഞ്ചായത്ത് വിഹിതം-സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ -342

അടങ്കൽ -1379700

ചെലവ് -1379700

വിഭാഗം -പദ്ധതി വിഹിതം

അംഗൻവാടി ഹോണറേറിയം പഞ്ചായത്ത് വിഹിതം-സർക്കാരിലേക്ക് തിരിച്ചടക്കുന്നത് സംബന്ധിച്ച് എന്ന പ്രൊജക്ട് പ്രകാരം 1379700 രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/ തീയ്യതി | തുക |
|---|---|
| 9/29.11.18 | 503700 |
| 16/31.12.18 | 876000 |
| | 1379700 |

ബിൽ പ്രകാരം തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് സർക്കാരിലേക്ക് അടവാക്കിയതിന്റെ രേഖ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (3/25.11.19) നൽകിയിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 1379700/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-22 തുടർ സാക്ഷരത - അപാകതകൾ

പ്രൊജക്ട് നമ്പർ - 229/19 – തുടർ സാക്ഷരത

അടങ്കൽ - 50000/-(തനത് ഫണ്ട്)

ചെലവ്- 39000 /-

നിർവഹണം-ഹെഡ് മാസ്റ്റർ, ജി.എം.എൽ.പി.എസ്, അരിയൂർ

മേൽ പ്രൊജക്ട് പ്രകാരം എസ് എസ് എൽ സി, ഹയർ സെക്കന്ററി തുല്യത പരീക്ഷക്ക് 39 പഠിതാക്കൾക്ക് 1000 രൂപ നിരക്കിൽ 39000/- രൂപ കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സംബന്ധിച്ച

രേഖകൾ, പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ, പഠിതാക്കളുടെ മാർക്ക് ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. പഠിതാക്കളുടെ അപേക്ഷ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (4/25.11.2020)ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ എല്ലാ രേഖകളും സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടത് നിർവ്വഹൻ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

# 1-23 ലൈഫ് പദ്ധതി - അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി(ലൈഫ്)യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ / വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ – 2017-18 വർഷത്തിൽ പൂർത്തീകരിച്ചു.

രണ്ടാം ഘട്ടം – 2018-19 വർഷത്തെ ലക്ഷ്യം

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ യോഗ്യതയുള്ളത് 131 ഗുണഭോക്താക്കൾ. ആയതിൽ ആകെ 112 (ജനറൽ 106+എസ്.സി 6) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

1. ലൈഫ് ഭവന നിർമ്മാണം പദ്ധതി ( ജനറൽ)186/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 6000000 | 6000000 |
| ബ്ലോക്ക് പഞ്ചായത്ത് | 577304 | 577304 |
| ജില്ലാ പഞ്ചായത്ത് | 835051 | 835051 |
| മറ്റിനം(വായ്പ്പ) | 33387645 | 22320000 |
| ആകെ | 40800000 | 29720000 |

b) ലൈഫ് ഭവന നിർമ്മാണം പദ്ധതി (എസ്.സി)191/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 800000 | 240000 |
| ആകെ | 800000 | 240000 |

19 ഗുണഭോക്താക്കളാണ് നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ളത്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ ഹഡ്കോയിൽ നിന്ന വായ്പ ലഭ്യമായതിൽ 22320000/- രൂപ ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

<u>ഭവന നിധി രൂപീകരിച്ചിട്ടില്ല</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതാണ്. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) റോഡ് ടാറിംഗ് പ്രവൃത്തിയിൽ ബിറ്റുമിൻ ബാരലിന്റെ വിലയും ജി.എസ്.ടിയും കുറവു ചെയ്യാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ₹15232/- + GST കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. വിശദ വിവരം ഭാഗം 3-ൽ ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-25 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 230പ്രൊജക്റ്റുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 148 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ ₹.51100130യിൽ ₹.31494076 ചെലവഴിച്ചിട്ടുണ്ട്. 61.63% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.
- റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതാണ്.
- ടെണ്ടർ ഫോമുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.
- പ്രവൃത്തികളിൽ കരാറുകാർ വെയ്ക്കുന്ന Security Deposit FD Receipts രജിസ്റ്ററിൽ രേഖപ്പെടുത്തി safe custody യിൽ സൂക്ഷിക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.
- <u>എ. പ്രോജക്റ്റുകളുടെ ആധിക്യം</u>

സ്പിൽഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 230 മരാമത്ത് പ്രവൃത്തികളിൽ 60 എണ്ണവും (26%) സ്പിൽഓവർ പ്രോജക്ടുകളാണ്.

ബി. കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ

തൻവർഷത്തെ 52 പ്രോജക്ടുകൾ ഒരു ലക്ഷമോ അതിൽ കുറവോ അടങ്കലുള്ളവയാണ്.

സി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗ് പദ്ധതികൾക്കുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 230 മരാമത്ത് പ്രവൃത്തികളിൽ 99 എണ്ണവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. കുടിവെള്ള മേഖലയിൽ 7പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

2. സർക്കുലർ നം. 12245/പി1/05/തസ്വഭവ തിയതി, 14.3.2005 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിനിയോഗത്തിൽ ഘടകസ്ഥാപനങ്ങളുടെ മെയിന്റനൻസിന് മുൻഗണന നൽകണം എന്ന് നിഷ്കർഷിക്കുന്നു. ഘടക സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി 10 പദ്ധതികൾ അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും അഞ്ചു പദ്ധതി (4%) മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

- താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

  അരിയൂർ GLPS അറ്റകുറ്റപണി (168/19)

  ഹോമിയോ ഡിസ്പെൻസറി അറ്റകുറ്റപണികൾ (171/19)

  വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണികൾ (205/19)

  തെയ്യോട്ടുചിറ അംഗൻവാടിയിലേക്ക് പമ്പ്സെറ്റ് വാങ്ങി സ്ഥാപിക്കൽ(233/19)

  ഭീമനാട് അംഗൻവാടി കെട്ടിട നിർമ്മാണം (280/19)

3. ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2018-19 വർഷം നിർവഹണം നടത്തിയ ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടില്ല.

പദ്ധതികളുടെ ബാഹുല്യവും കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും വഴി ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-26 അധികം നൽകിയ തുക തിരിച്ചടക്കണം

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും, ടെണ്ടർ ഡീവിയേഷൻ കുറവാക്കാതെ അവസാന ബിൽ നൽകിയതിലൂടെ കരാറുകാരന് അധികം തുക നൽകിയതായി കാണുന്നു.

വിശദ വിവരം ഭാഗം 3-ൽ ഖണ്ഡിക 3-2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-27 ബാലസഭ – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

ബാലസഭ എന്ന പ്രൊജക്ടിന് (നമ്പർ-230) 23715 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

ബാലസഭാ പ്രവർത്തനങ്ങൾക്കുള്ള പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയത് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

<u>ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങൾ</u>

24-11-2018 ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് ബാലസഭാ അംഗങ്ങൾക്ക് ഏകദിന ശിൽപ്പശാല മാത്രമാണ് സംഘടിപ്പിച്ചിട്ടുള്ളത്. ആയതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവ് (രൂപ) |
|---|---|
| നാലകത്ത് ബുക്ക്സ്റ്റാൾ, കോട്ടോപ്പാടം (പേന, ബുക്ക് എന്നിവ വാങ്ങിയതിന്) | 500 |
| അറഫ ഫാമിലി റസ്റ്റോറന്റ് , ആര്യമ്പാവ് (Morning & Evening snacks) | 3700 |

| | |
|---|---|
| കവിത ലൈറ്റ് & സൗണ്ട്, ശ്രീകൃഷ്ണപുരം | 400 |
| MKD Sign city മണ്ണാർക്കാട് | 2290 |
| ഒലിവ് നാടൻ കലാപഠന ഗവേഷണ കേന്ദ്രം, മണ്ണാർക്കാട് | 5000 |
| സദ്യ കാറ്ററിംഗ് ഇവന്റ്, അലനല്ലൂർ | 11825 |
| ആകെ | 23715 |

സ.ഉ (കൈ) നം.22/2018/ത.സ്വ.ഭ.വ തീയ്യതി 14.2.18 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.17 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബാലസഭാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രൊജക്റ്റ് തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനായി കുറഞ്ഞത് 25000 രൂപ ചെലവഴിക്കാവുന്നതാണ്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരിപത്രം നം.3266/ കെ/2018/കെ.എസ്.എച്ച്.എ തിയതി 28-03-2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബാലസഭാ പ്രൊജക്റ്റിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങളും കാലയളവും വ്യക്തമാക്കിയിട്ടുണ്ട്. 2018ഏപ്രിലിൽ ആരംഭിച്ച് 2019 ജനുവരി വരെയുള്ള കാലയളവിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

കുടുംബശ്രീയുടെ സംസ്ഥാന മിഷന്റെ നിർദ്ദേശങ്ങൾ പാലിക്കാതെ ഒരു ദിവസത്തെ പ്രവർത്തനം മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ളത്. ബാലസഭയിലെ അംഗങ്ങൾ തന്നെയാണോ ഏകദിന പരിപാടിയിൽ പങ്കെടുത്തതെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത് വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യാതെയാണ്. പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയതും കുടുംബശ്രീയുടെ പ്രഖ്യാപിത സമയക്രമം പാലിക്കാതിരുന്നതും അപാകതയായി വിലയിരുത്തുന്നു.

ബാലസഭാംഗങ്ങളുടെ ക്രിയാത്മക പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് ആവിഷ്കരിക്കേണ്ടിയിരുന്ന പ്രൊജക്റ്റ് കേവലം ഒരു ദിവസത്തേക്ക് മാത്രമായി നടപ്പാക്കിയത് ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും പാളിച്ചയാണ്. ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ സ്റ്റാന്റിംഗ് കമ്മിറ്റിയോ മോണിറ്ററിംഗ് നടത്തിയിട്ടുമില്ല.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഉറപ്പാക്കേണ്ടതാണ്.

## ഭാഗം – 2

-ഒന്നുമില്ല-

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തിയിൽ ബിറ്റുമിൻ ബാരലിന്റെ വിലയും ജി.എസ്.ടിയും കുറവു ചെയ്യാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/ | ബിൽ നം.- തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ (kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | കരാറുകാരൻ -ശ്രീ. എ.കെ.വീരാൻകുട്ടി | | | |
| | 262/19- റേഷൻകട കളത്തിൽതൊടി വെള്ളാടിപ്പാറ റോഡ് | 5/26.5.18 -298416, 348/17-18 | VG-30-656.21<br>RS1- 85.53<br>SS1-264.35 | 4.2<br>0.48<br>1.45 |
| 2 | 272/19- കോട്ടോപ്പാടം ആനിക്കാടൻ പുളിയംപാറ റോഡ് മെയിന്റനൻസ് പൂർത്തികരണം | 6/26.5.18-149400, 349/17-18 | VG-30-1038.64<br>RS1- 102.45<br>SS1- 68.85 | 6.66<br>0.57<br>0.38 |
| 3 | 299/19- പാറപ്പുറം കച്ചേരിപറമ്പ് റോഡ് | 7/26.5.18-940523, 362/17-18 | VG-30-4939.63<br>RS1- 528.07<br>SS1- 433.84 | 31.66<br>2.93<br>2.38 |

| | | | | |
|---|---|---|---|---|
| ആകെ | | | | 51 |
| ബാരലിന്റെ വില @ 238/- x51=₹.12138 | | | | |
| കരാറുകാരൻ -ശ്രീ.പി.മമ്മി | | | | |
| 1 | 112/19- കുണ്ടിലക്കാട് കൊടുവാളിപ്പുറം കൊടുന്നോട്ടിൽകുളമ്പ് റോഡ് മെറ്റലിംഗ് &ടാറിംഗ് | 147/22.2.19-199434, 212/17-18 | VG-30-696.30<br>RS1- 90.75<br>SS1- 280.50 | 4.46<br>0.50<br>1.54 |
| 2 | 264/19-കല്ലിട്ടമ്പിൽകുളമ്പ് റോഡ് ടാറിംഗ് | 148/22.2.19-199926, 214/17-18 | VG-30-689.97<br>RS1- 89.925<br>SS1- 277.95 | 4.42<br>0.5<br>1.53 |
| ബാരലിന്റെ വില @ 238/- x13 =₹.3094 | | | | 13 |

₹15232/- + GST കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/28.11.2020ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 3-2 അധികം നൽകിയ തുക തിരിച്ചടക്കണം

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും, ടെണ്ടർ ഡീവിയേഷൻ കുറവാക്കാതെ അവസാന ബിൽ നൽകിയതിലൂടെ കരാറുകാരന് അധികം തുക നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. പ്രൊജക്ട് നം.137/19 -പൂളമണ്ണ മദ്രസ്സ റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ : ₹.150000/- (MG (Road))

ചെലവു തുക: 1. ₹150000/- ബിൽ നം: 134/28.1.2019

എഗ്രിമെന്റ് നം: 107/16.8.18 കരാറുകാരൻ: ശ്രീ.ടി.സൈനുദ്ദീൻ

ടെണ്ടർ നിരക്ക്: 0.5% കുറവ് അളവു പുസ്തകം: 196/17-18

ആകെ പ്രവൃത്തിമൂല്യം : 150000/-

നികുതികൾ (-) : 3000/-

കരാറുകാരൻ കൈപ്പറ്റിയത്: ₹147000/-

കരാറുകാരന് അനുവദിക്കാവുന്നത്: 150000-3000(നികുതികൾ)- - 750(ടെണ്ടർ ഡീവിയേഷൻ) = ₹146250/-

അധികം നൽകിയത്: ₹750/-

അധികം നൽകിയ ₹750/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/28.11.2020ന് മറുപടി ലഭ്യമാക്കയിട്ടില്ല. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26.6.2019 to 27.6.2019 | കെ.എസ്.എ.പി.കെ.ഡി-21/997/2019(32) തിയതി, 26.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 577304 | ലൈഫ് | 577304 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 69942 | PMAY SCP | 69942 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 463460 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 463460 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 191250 | ഉഴവുകൂലി | 191250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 106250 | ഉഴവുകൂലി | 106250 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 835051 | ലൈഫ് | 835051 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 70000 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 0 | 70000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | പാൽ സബ്സിഡി | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 77375 | ഉഴവുകൂലി | 77375 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് മിഷൻ | --- | 22320000 | 22320000 | --- | --- | 22320000 |

•

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹3801/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3-1 | 3511 | സി.സുരേഷ്ബാബു, കരാറുകാരൻ | 118010900010/ 15.11.2018 |
| 2017-18 | ലഭ്യമല്ല | 290 | വിവരം ലഭ്യമല്ല | 118020109167/ 26.3.2019 |
| ആകെ | | 3801 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2008-09 | 3-2 | 2011-12 | 2-4 | പൊതു അവലോകനം- ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്തവർക്ക് ആനുകൂല്യം നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |
| 2009-10 | 3-1 | 2011-12 | 2-6 | പദ്ധതി ഫണ്ടിന്റെ സമയബന്ധിത വിനിയോഗം ഉറപ്പാക്കുകയോ, വിനിയോഗിക്കാത്ത തുക തിരിച്ചടക്കുകയോ ചെയ്യുന്നില്ല. | ---ടി---- |
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് | - | 2011-12 | 3-3-7 | ശിശു ക്ഷേമ പദ്ധതികളും, അങ്കണവാടികളും - കെട്ടിടങ്ങളുടെ സുരക്ഷിതത്വം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ടി |
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് | - | 2011-12 | 3-3-13 | ശിശു ക്ഷേമ പദ്ധതികളും, അങ്കണവാടികളും- ഭക്ഷ്യവസ്തുക്കളുടെ വാങ്ങൽ | ടി |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹139785268.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹103979726.00 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹15982.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1713633.00 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 15232 | അബ്ദുൾ അസീസ്.കെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 750 | അബ്ദുൾ അസീസ്.കെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 0 | 15982 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഒന്നുമില്ല

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 129825 | ജയദേവൻ.വി., സെക്രട്ടറി |
| 1-18 | 55789 | തേജസ്സ് ജോർജ്, കൃഷി ഓഫീസർ |
| 1-19 (b) | 92319 | ശ്രീമതി. ശ്യാമ എം.എ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 | 56000 | ഷമീന. ജെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-21 | 1379700 | -ടി- |
| ആകെ | 1713633 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയദേവൻ.വി.,<br>സെക്രട്ടറി | വിരമിച്ചു | ദേവാലയം,<br>പെരുമ്പടാരി.പി.ഒ.,<br>മണ്ണാർക്കാട്,<br>പാലക്കാട് |
| അബ്ദുൾ അസീസ്.കെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | കറപ്പത്ത് വീട്,<br>അലനല്ലൂർ പി.ഒ.,<br>പാലക്കാട് |
| ഷമീന. ജെ<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>അഗളി | ആലംപള്ളൻ വീട്<br>കല്ലേപ്പുള്ളി (പി.ഒ)<br>പാലക്കാട് |
| ശ്യാമ എം.എ<br>ഡയറി<br>എക്സ്റ്റൻഷൻ<br>ഓഫീസർ | LWA | മലമൻ വീട്<br>കോട്ടോപ്പാടം<br>(പി.ഒ)<br>ഒറ്റപ്പാലം |
| തേജസ് ജോർജ്ജ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>സോയിൽ ടെസ്റ്റിംഗ്<br>ലബോറട്ടറി | മനയാട്ടു വീട്<br>തെങ്കര (പി.ഒ)<br>പാലക്കാട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി.5/-440/98 തിയതി 14-11-98 | 11 |
| 1997-98 | ടി | 28 |
| 1998-99 | എൽ.എഫ്.പി.5/9/98 തിയതി 14-11-98 | 9 |
| 1999-00 | എൽ.എഫ്.പി.11/1096/03 തിയതി 01-09-2004 | 12 |
| 2000-01 | എൽ.എഫ്.പി.11/543/05 തിയതി 14-02-2007 | 13 |
| 2001-02 | എൽ.എഫ്.പി.11/350/2006 തിയതി 30-01-2007 | 4 |
| 2002-03 | എൽ.എഫ്.പി.11/713/2008 തിയതി 02-06-2009 | 6 |
| 2003-04 | എൽ.എഫ്.പി.11/714/2008 തിയതി 02-06-09 | 5 |
| 2004-05 | എൽ.എഫ്.പി.11/715/2008 തിയതി 02-06-2009 | 29 |
| 2005-06 | എൽ.എഫ്.പി.11/716/2008 തിയതി 02-06-2009 | 4 |
| 2006-07 | എൽ.എഫ്.പി.11/717/2008 തിയതി 02-06-2009 | 7 |
| 2007-08 | എൽ.എഫ്.പി.20/137/2012 തിയതി 16-01-12 | nil |
| 2008-09 | എൽ.എഫ്.പി.20/138/2012 തിയതി 16-01-12 | 1 |
| 2009-10 | എൽ.എഫ്.പി.20/1420/2013 തിയതി 08-04-14 | 4 |
| 2010-11 | എൽ.എഫ്.പി.20/1421/2013 തിയതി 08-04-14 | 6 |
| 2011-12 | എൽ.എഫ്.പി.20/1756(എ)/2014 തിയതി 17.09-14 | 1 |
| 2012-13 | എൽ.എഫ്.പി.20/360/2015 തിയതി14-05-15 | 5 |
| 2013-14,2014-15 | നം.കെ.എസ്.എ. പി.കെ.ഡി9/ 956 /2016/13.07.2016 | 1 |
| 2015-16 | നം.കെ.എസ്.എ. പി.കെ.ഡി.9-2142/16/2-2-2017 | 2 |
| 2016-17 | നം.കെ.എസ്.എ പികെഡി9- | 2 |

| | | |
|---|---|---|
| | 1644/2017/2.11.2017 | |
| 2017-18 | നം.കെ.എസ്.എ-പി.കെ.ഡി9/537/2019/20.06.2019 | 9 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-21/997/2019(32)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. Dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമ പഞ്ചായത്തിന്റെ 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടോപ്പാടം ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെ സംഗ്രഹം

1. ഷെഡ്യൂൾ B11 + b11(a)യുടെ ആകെത്തുക B3 യുടെ ആകെ തുകയിൽ നിന്നും 12963511 രൂപയുടെ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. സ്ഥാപനം നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ (liability in respect of stale cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

3.വസ്തു നികുതി: സഞ്ചയ സോഫ്റ്റ്‌വെയറിലേയും സാംഖ്യയിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

4.MNREGS കണക്കുകൾ സംബന്ധിച്ച I-6, I-14(a) എന്നീ ഷെഡ്യൂളുകളിലെ തുകകൾ തുല്യമാണ്. ഏങ്കിലും Material Expense ആയി 76096രൂ. വരവിലും ചെലവിലും രണ്ട് പ്രാവശ്യം വന്നിരിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/997/2019(70)

Kerala State Audit Department

District Audit Office, Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## CERTIFICATE

Certified that I have examined the Annual Financial Statement of Kottopadam Grama Panchayath for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Controller and Auditor General of India for the certification of accounts of Panchayath Raj Institutions.

In my opinion the financial statement of Kottopadam Grama Panchayath for the year 2018-19 subject to observations in the annexure, properly presents the picture of Income , Expenditure and Closing balance.

Deputy Director

Annexure

Abstracts of Defects/Descrepancies

1. Difference of Rs. 12963511 exists between B3 & B11.
2. Cheques remaining un cashed even after Three months, not transferred to the Head of Stale Cheques.
3. The amount of property tax as shown in the AFS are not in agreement with SANCHAYA.
4. In the accounts regarding MNREGS, receipt and payment of materials entered twice in the AFS(R&P Statement. (Rs. 76096)

Deputy Director

# അനുബന്ധം-2 വിവിധ പത്രികകൾ

| | | | |
|---|---|---|---|
| Kottoppadam Grama Panchayat | | | |
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17598600.00 |
| Cash | Cash | RP-40(a) | 258955.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1262580.00 |
| 140000000 | Fees & User Charges | RP-4 | 514921.00 |
| 150000000 | Sale & Hire Charges | RP-5 | 290928.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 72968853.00 |
| 171000000 | Interest Earned | RP-9 | 749341.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8956499.00 |
| 340000000 | Deposits Received | RP-34 | 1500.00 |
| 350000000 | Other Liabilities | RP-36 | 279122.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 26154.00 |
| 312000000 | Reserves | RP-30 | 198247.00 |
| 330000000 | Secured Loans | RP-32 | 22320000.00 |
| 340000000 | Deposits Received | RP-34 | 110796.00 |
| 350000000 | Other Liabilities | RP-36 | 262506.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 31237328.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 606493.00 |
| | Grand total | | 157642823.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3882936.00 |
| 220000000 | Administrative Expenses | RP-12 | 924763.00 |
| 230000000 | Operations & Maintenance | RP-13 | 1518591.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6231774.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 25426070.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1382257.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 2002109.00 |
| Sector Division | | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 312982.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 6173933.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 200000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 51640.00 |
| 280000000 | Prior Period item | RP-26 | -34071.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 108501.00 |
| 350000000 | Other Liabilities | RP-36 | 4585493.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1084.00 |
| 280000000 | Prior Period Item | RP-26 | -139.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 174304.00 |
| 350000000 | Other Liabilities | RP-36 | 1270308.00 |
| 410000000 | Fixed Assets | RP-38 | 26101861.00 |
| 412000000 | Capital work in Progress | RP-40 | 3565.00 |
| 440000000 | Pre-paid Expenses | RP-45 | 22320000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1341765.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 53663097.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 157642823.00 |

Sd/-
Secretary

Deputy Director

| | | | |
|---|---|---|---|
| Kottoppadam Grama Panchayat | | | |
| INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6289116.00 |
| 140000000 | Fee & User Charges | I-4(b) | 617871.00 |
| 150000000 | Sale & Hire Charges | I-5(b) | 290928.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | 1-6 | 144779985.00 |
| | Subsidies | | |
| 171000000 | Interest Earned | 1-8 | 745337.00 |
| 180000000 | Other Income | 1-9 | 26154.00 |
| | Total Income | | 152749391.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9498075.00 |
| 220000000 | Administrative Expenses | I-11(b) | 924763.00 |
| 230000000 | Operations & Maintenance | I-12(b) | 1528051.00 |
| 240000000 | Interest & Finance Charges | I-13 | 1084.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 6231774.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 50254773.00 |
| | | | |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1388827.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 2002109.00 |
| | Sector Division | | |
| 254000000 | Expenditures of Transferal Institutions and State Sponsored | I-14(d) | 62289982.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 6173933.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 200000.00 |
| 260000000 | Grants, Contributions & Compensation from Own Fund / | 1-15 | 51640.00 |
| | Subsidies | | |
| 272000000 | Depreciation | 1-17(a) | 21362618.00 |
| | Total Expenditure | | 161907629.00 |
| | Gross Surplus/ Deficit of income over Expenditure | | -9158238.00 |
| 280000000 | Prior Period Item | I-18 | 148669.85 |
| | | Gross Surplus/Deficit of Income over Expenditure after prior period items. | -9306907.85 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Sd/-
Secretary

Deputy Director

| | | | |
|---|---|---|---|
| Kottoppadam Grama Panchayat | | | |
| BALANCE SHEET | | | |
| 1-or the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule | Amount |

| | | | |
|---|---|---|---|
| | | No | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 37830827.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 932.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 50012528.00 |
| | Total Reserve & Surplus | | 87844287.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Puiposes | B-4 | 3488766.00 |
| | Total Grants, Contributions for Specific Purposes | | 3488766.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 22320000.00 |
| | Total Loans | | 22320000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 239306.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1155891.00 |
| | Total Current Liabilities and Provisions | | 1395197.00 |
| | TOTAL LIABILITIES | | 115048250.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B- l l | 58411635.00 |
| 411000000 | Accumulated Depreciation | B-11 | -21362618.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 37049017.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1189174.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B- 1 6 | 22320000.00 |
| 450000000 | Cash and Bank Balance | B-1 7 | 53663097.00 |
| | | | |

| | | | |
|---|---|---|---|
| Page No : 1 | | | |
| 460000000 | Loans, Advances and Deposits | B-1 8 | 826962.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 77999233.00 |
| Other Assets | | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 115048250.00 |

Sd/-

Secretary

Deputy Director